**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 195** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിലെ പുതിയ ഒ.പി. മന്ദിര നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഒ. എസ്. അംബിക ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിലെ പുതിയ ഒ.പി.മന്ദിര നിർമ്മാണ പൂർത്തീകരണം എന്ന പ്രവൃത്തിക്ക് തുക അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;പ്രസ്തുത പ്രവൃത്തിക്ക് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആറ്റിങ്ങൽ താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി, ഒ.പി ബ്ലോക്കുകളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുന്ന ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 3,50,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി നിർമ്മാണ പ്രവൃത്തിയുടെ രണ്ടാംഘട്ട ജോലികൾ ആരംഭിക്കുന്നതിലേക്കായി 6,81,90,000/- രൂപയുടെ DSOR 2021 പ്രകാരമുള്ള എസ്റ്റിമേറ്റ് പ്ലാൻ ഫണ്ടിനു കീഴിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ 2025-26 സാമ്പത്തികവർഷത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നെങ്കിലും, ബന്ധപ്പെട്ട പ്ലാൻ ശീർഷകത്തിൽ ആവശ്യമായ തുക ലഭ്യമല്ലാതിരുന്നതിനാൽ ഭരണാനുമതി നൽകിയിരുന്നില്ല. 2025-26 സാമ്പത്തിക വർഷത്തിൽ ചേർന്ന ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമവും, അടിസ്ഥാനമാനദണ്ഡങ്ങളും നിശ്ചയിച്ച കൊണ്ട് പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന വിഷയം 2026-27 സാമ്പത്തികവർഷത്തിൽ പരിഗണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**